# പ്രധാനമന്ത്രി യുണൈറ്റഡ് കിംഗ്ഡം പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി (ജൂലൈ 24, 2025)

ജൂലൈ 24, 2025

2025 ജൂലൈ 23 മുതൽ 24 വരെയുള്ള യുണൈറ്റഡ് കിംഗ്ഡം ഔദ്യോഗിക സന്ദർശന വേളയിൽ, പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് യുണൈറ്റഡ് കിംഗ്ഡം പ്രധാനമന്ത്രി സർ കെയർ സ്റ്റാർമറുമായി കൂടിക്കാഴ്ച നടത്തി. ബക്കിംഗ്ഹാംഷെയറിലെ ചെക്കേഴ്സിലുള്ള UK പ്രധാനമന്ത്രിയുടെ കൺട്രി റെസിഡൻസിയിൽ എത്തിയ ശ്രീ. നരേന്ദ്ര മോദിയെ പ്രധാനമന്ത്രി സ്റ്റാർമർ ഊഷ്മളമായി സ്വീകരിച്ചു. ഇരു നേതാക്കളും നേരിട്ടുള്ള കൂടിക്കാഴ്ചയും പ്രതിനിധി തല ചർച്ചകളും നടത്തി.

2. സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തെ പുതിയ തലത്തിലേക്ക് ഉയർത്തുന്നതിനും രണ്ടു സമ്പദ്‌വ്യവസ്ഥകളിലെയും ഉഭയകക്ഷി വ്യാപാരം, നിക്ഷേപം, സാമ്പത്തിക സഹകരണം, തൊഴിലവസരം സൃഷ്ടിക്കൽ എന്നിവ ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ചരിത്രപരമായ ഇന്ത്യ-UK സമഗ്ര സാമ്പത്തിക, വ്യാപാര കരാർ (CETA) ഒപ്പുവെച്ചതിനെ ഇരു പ്രധാനമന്ത്രിമാരും സ്വാഗതം ചെയ്തു. CETA-യ്ക്കൊപ്പം പ്രാബല്യത്തിൽ വരുന്ന ഡബിൾ കോൺട്രിബ്യൂഷൻ കൺവെൻഷനെ കുറിച്ച് ചർച്ച ചെയ്യാമെന്നും ഇരു കക്ഷികളും സമ്മതിച്ചിട്ടുണ്ട്, ഇത് മത്സരക്ഷമത പ്രോത്സാഹിപ്പിക്കുകയും വാണിജ്യ സ്ഥാപനങ്ങൾക്ക് ബിസിനസ്സ് ചെയ്യുന്നതിനുള്ള ചെലവ് കുറയ്ക്കുകയും ചെയ്തുകൊണ്ട് ഇരു രാജ്യങ്ങളിലെയും പ്രൊഫഷണലുകളെയും സേവന വ്യവസായത്തെയും സുഗമമാക്കും. മൂലധന വിപണികളിലും സാമ്പത്തിക സേവനങ്ങളിലും വളർന്നുവരുന്ന സഹകരണത്തിലേക്കു ശ്രദ്ധ ക്ഷണിച്ച പ്രധാനമന്ത്രി മോദി, ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര സാമ്പത്തിക സേവന കേന്ദ്രമായ ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റിയും ബ്രിട്ടനിലെ ഊർജ്ജസ്വലമായ സാമ്പത്തിക ആവാസവ്യവസ്ഥയും തമ്മിലുള്ള ആശയവിനിമയം മെച്ചപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഇരുപക്ഷത്തിനും പ്രവർത്തിക്കാൻ കഴിയുമെന്ന് അടിവരയിട്ടു പറഞ്ഞു.

3. ഇരു നേതാക്കളും ഉഭയകക്ഷി ബന്ധത്തിന്റെ മുഴുവൻ വിഭാഗവും അവലോകനം ചെയ്യുകയും ഇന്ത്യ-UK വിഷൻ 2035 അംഗീകരിക്കുകയും ചെയ്തു. സമ്പദ്‌വ്യവസ്ഥയും വളർച്ചയും, സാങ്കേതികവിദ്യ, നവീകരണം, ഗവേഷണവും വിദ്യാഭ്യാസവും, പ്രതിരോധവും സുരക്ഷയും, കാലാവസ്ഥാ പ്രവർത്തനം, ആരോഗ്യം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ പ്രധാന മേഖലകളിൽ അടുത്ത പത്ത് വർഷത്തേക്ക് ബന്ധം മുന്നോട്ടു കൊണ്ടുപോകുന്നതിലൂടെ സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിൽ വിഷൻ 2035 ഡോക്യുമെന്റിന് കൂടുതൽ പ്രതീക്ഷകളും വേഗവും പകരും.

4. ഇരു രാജ്യങ്ങളിലും ഒപ്പം ലോക വിപണിയിലും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രതിരോധ ഉൽപ്പന്നങ്ങളുടെ സഹ-രൂപകൽപ്പന, സഹ-വികസനം, സഹ-ഉൽപ്പാദനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രതിരോധ വ്യാവസായിക രൂപരേഖ തയ്യാറാക്കിയതിനെയും ഇരു നേതാക്കളും സ്വാഗതം ചെയ്തു. ഇരു രാജ്യങ്ങളുടെയും സായുധ സേനകളുടെ പതിവ് വിനിമയങ്ങളെ സ്വാഗതം ചെയ്ത അവർ, ആഴമേറിയ പ്രതിരോധ, സുരക്ഷാ പങ്കാളിത്തത്തിൽ സംതൃപ്തി പ്രകടിപ്പിച്ചു.

5. പുതിയതും ഉയർന്നുവരുന്നതുമായ സാങ്കേതികവിദ്യകളിൽ വളരുന്ന സഹകരണത്തിൽ ഇരു നേതാക്കളും സംതൃപ്തി പ്രകടിപ്പിച്ചു, ടെലികോം, നിർണായക ധാതുക്കൾ, AI, ബയോടെക്നോളജിയും ആരോഗ്യ സാങ്കേതികവിദ്യയും, സെമികണ്ടക്ടറുകൾ, അഡ്വാൻസ്ഡ് മെറ്റീരിയലുകൾ, ക്വാണ്ടം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ടെക്നോളജി ആൻഡ് സെക്യൂരിറ്റി ഇനിഷ്യേറ്റീവ് (TSI) ത്വരിതഗതിയിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. TSI ഇന്ന് ഒരു വർഷം പൂർത്തിയാക്കി.

6. വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയും ബ്രിട്ടനും തമ്മിലുള്ള വളർന്നുവരുന്ന പങ്കാളിത്തത്തെയും ഇരു പ്രധാനമന്ത്രിമാരും സ്വാഗതം ചെയ്തു. പുതിയ വിദ്യാഭ്യാസ നയം (NEP) പ്രകാരം ഇന്ത്യയിൽ കാമ്പസുകൾ തുറക്കാനായി ആറ് ബ്രിട്ടീഷ് സർവകലാശാലകൾ ശ്രമിച്ചുവരികയാണ്. 2025 ജൂലൈ 16 ന് ഗുരുഗ്രാമിൽ ക്യാമ്പസ് തുടങ്ങിയ സതാംപ്ടൺ സർവകലാശാല, NEP-ക്ക് കീഴിൽ ഇന്ത്യയിൽ ക്യാമ്പസ് തുറക്കുന്ന ആദ്യ വിദേശ സർവകലാശാലയാണ്.

7. അക്കാദമിക്, കല, സാഹിത്യം, വൈദ്യം, ശാസ്ത്രം, കായികം, ബിസിനസ്സ്, രാഷ്ട്രീയം എന്നീ മേഖലകളിൽ ബ്രിട്ടനിലെ ഇന്ത്യൻ പ്രവാസികൾ നൽകിയ വിലപ്പെട്ട സംഭാവനയെ ഇരുപക്ഷവും ഉയർത്തിക്കാട്ടി. ഇന്ത്യ-UK ബന്ധങ്ങളുടെ വളർച്ചയുടെയും വികസനത്തിന്റെയും പ്രധാന ശക്തിയാണ് സജീവമായ ഈ പാലമെന്ന് അവർ ചൂണ്ടിക്കാട്ടി.

8. പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് ഇന്ത്യയിലെ ജനങ്ങൾക്ക് നൽകിയ ശക്തമായ പിന്തുണയ്ക്കും ഐക്യദാർഢ്യത്തിനും പ്രധാനമന്ത്രി സ്റ്റാർമറിനോട് പ്രധാനമന്ത്രി മോദി നന്ദി പറഞ്ഞു. ഭീകരതയ്ക്കെതിരായ ആഗോള പോരാട്ടം ശക്തിപ്പെടുത്താൻ ഇരു നേതാക്കളും പ്രതിജ്ഞാബദ്ധരാണ്. തീവ്രവാദവും തീവ്രവാദവൽക്കരണവും ഇരു സമൂഹങ്ങൾക്കും ഭീഷണിയാണെന്ന് പരസ്പരം സമ്മതിച്ച അവർ, ഭീഷണി നേരിടുന്നതിന് ഉഭയകക്ഷി സഹകരണം കൂടുതൽ വർദ്ധിപ്പിക്കണമെന്നതിൽ യോജിച്ചു. സാമ്പത്തിക കുറ്റവാളികളെയും ഒളിച്ചോടിയവരെയും നീതിപീഠത്തിന് മുന്നിൽ കൊണ്ടുവരാൻ പ്രധാനമന്ത്രി മോദി UK സഹകരണവും തേടി.

9. ഇന്തോ-പസഫിക്, പശ്ചിമേഷ്യ, റഷ്യ-ഉക്രെയ്ൻ സംഘർഷം എന്നിവയുൾപ്പെടെ പരസ്പരം താൽപ്പര്യമുള്ള ആഗോള, പ്രാദേശിക വിഷയങ്ങളിൽ ഇരു നേതാക്കളും അഭിപ്രായങ്ങൾ കൈമാറി.

10. പ്രധാനമന്ത്രി സ്റ്റാർമറുടെ ഊഷ്മളമായ ആതിഥ്യമര്യാദയ്ക്ക് നന്ദി പറഞ്ഞ പ്രധാനമന്ത്രി, എത്രയും വേഗം ഇന്ത്യ സന്ദർശിക്കാൻ അദ്ദേഹത്തെ ക്ഷണിച്ചു.

11. സന്ദർശന വേളയിൽ ഇരുപക്ഷവും താഴെപ്പറയുന്ന രേഖകളിൽ ഒപ്പുവച്ചു/അംഗീകരിച്ചു:

- സമഗ്ര സാമ്പത്തിക, വ്യാപാര കരാർ [CETA]

- ഇന്ത്യ-UK വിഷൻ 2035 [ലിങ്ക്]

- പ്രതിരോധ വ്യാവസായിക രൂപരേഖ

- സാങ്കേതികവിദ്യയും സുരക്ഷാ സംരംഭവും സംബന്ധിച്ച പ്രസ്താവന [ലിങ്ക്]

- ഇന്ത്യയിലെ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനും UK-യിലെ നാഷണൽ ക്രൈം ഏജൻസിയും തമ്മിലുള്ള ധാരണാപത്രം

**ലണ്ടൻ**

**ജൂലൈ 24, 2025**